**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1592** **11-10-2024 - ൽ മറുപടിയ്ക്ക്**

**കൃഷിവകുപ്പ് സംഭരിക്കുന്ന വിളകളും തറവില ഉറപ്പാക്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷിവകുപ്പ് സംഭരിക്കുന്ന വിളകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തു കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പച്ചത്തേങ്ങ, കൊപ്ര എന്നിവയാണ് സംഭരണം നടത്തുന്നത്.<br><br>നെല്ല് സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസി സപ്ലൈക്കോയാണ്, കൃഷി വകുപ്പുമായി സഹകരിച്ചാണ് സംഭരണം നടത്തുന്നത്. |
| (ബി) | സംസ്ഥാനത്ത് സർക്കാർ തറവില ഉറപ്പാക്കിയിട്ടുള്ള വിളകൾ ഏതെല്ലാമാണെന്നും ഏത് വർഷം മുതലാണ് തറവില ഉറപ്പാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ; ഇപ്രകാരം തറവില വർദ്ധിപ്പിച്ചതിന്റെ നാൾവഴി വ്യക്തമാക്കാമോ; | (ബി) | നെല്ല്, പച്ചത്തേങ്ങ എന്നിവയ്ക്കാണ് സംസ്ഥാന സർക്കാർ തറവില നിശ്ചയിച്ചിട്ടുള്ളത്. 2004-05 വർഷത്തിൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 7 രൂപയായിരുന്നത് 2022-23 ൽ 28.20 രൂപയായി ഉയർത്തിയിട്ടുണ്ട് .<br><br>പച്ചത്തേങ്ങ സംഭരണം 2017 ൽ പുനരാരംഭിക്കുകയും 2023ൽ 34 രൂപയായി സംഭരണവില വർദ്ധിപ്പിച്ചിട്ടുമുണ്ട്.<br><br>കൂടാതെ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പദ്ധതി 2020-21 മുതൽ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു.<br><br>റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 170 എന്നത് 2024-2025 -ൽ 180 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ പുതുതായി തറവില ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന വിളകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | പുതുതായി 5 വിളകൾക്ക് തറവില നിശ്ചയിക്കുന്നതിനുള്ള വിഷയം പരിശോധനയിലാണ്.<br><br>റബ്ബർ, തേയില, കാപ്പി, ഏലം എന്നിവയെ താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര |

| | | | |
|---|---|---|---|
| | | | ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ തറവില നിശ്ചയിച്ച് സംഭരിച്ചിരുന്നതും പിന്നീട് തറവില നല്കാതെ പോയതുമായ വിളകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഇനിമുതൽ തറവില ഉറപ്പാക്കി ഈ വിളകളെ സംഭരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | സർക്കാർ തറവില നിശ്ചയിച്ച് സംഭരിച്ചിരുന്നതും പിന്നീട് തറവില നൽകാതെ പോയതുമായ വിളകൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ